(d) The quantity of rice proposed to be returned to the Central Government is 76,000 tons.

(e) The actual loss, if any, can be determined only after the transactions is finalised.

ശമ്പളപരിഷ്ക്കാരം.

266. [19] ശ്രീ. എൻ. ചന്ദ്രശേഖരൻനായർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 27-11-54-ൽ പുറപ്പെടുവിച്ച എൻ. ജി. ഒ. മാരുടെ ശമ്പളപരിഷ്കരണ ജി. പി. (എസ്. ഐ. 2-30005/54/ സി. എസ്. 27-11-54) യിൽ സെക്രട്ടറിയേറ്റിനു് അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾ സ്റ്റോറു് ഇൻഷ്പറൻസു് ഡിപ്പാർട്ടുമെൻറിനു് ബാധകമാക്കാത്തതു് എന്തുകൊണ്ടാണെന്നു് വ്യക്തമാക്കുമോ.

(ബി) ഇതിനുമുൻപു് പ്രസ്തുത ഡിപ്പാർട്ടുമെൻറിനു് സെക്രട്ടറിയേറ്റിനു് അനുവദിച്ചിരുന്ന സകല ആനുകൂല്യങ്ങളും ലഭിച്ചിരുന്നില്ലേ;

(സി) ടൈംസ്കെയിൽ ജി. പി. യിലും മുൻ പതിവുപോലെ പ്രസ്തുത ഡിപ്പാർട്ടുമെൻറിനു് സെക്രട്ടറിയേറ്റു് ക്ലർക് കൊടുക്കാതെ അതിൽ നിന്നും ഒഴിവാക്കുന്നുള്ള കാരണങ്ങൾ വിശദീകരിക്കുമോ ;

(ഡി) മേൽപ്പറഞ്ഞ തീരുമാനങ്ങൾ തങ്ങളുടെ ഉത്തമ താൽപ്പര്യങ്ങൾക്കു് ഹാനികരമാണെന്നു കാണിച്ചു് പ്രസ്തുത ഡിപ്പാർട്ടുമെൻറു് ജീവനക്കാരിൽനിന്നും എന്തെങ്കിലും പരാതികൾ ഗവണ്മെൻറിനു് ലഭിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി എടുത്തു;

(ഇ) പ്രസ്തുത ഡിപ്പാർട്ടുമെൻറു് ജീവനക്കാരുടെ പരാതികൾക്കു് പരിഹാരം ഉണ്ടാക്കുവാൻ ഗവണ്മെൻറിനു് സന്മനസ്സുണ്ടാകുമോ ?

ഉത്തരം.

(എ) സ്റ്റോറു് ഇൻഷ്പറൻസു് ഡിപ്പാർട്ടുമെൻറു്, മറ്റു ഡിപ്പാർട്ടുമെൻറുകളെപ്പോലെയാണു് ഗവണ്മെൻറു് കണക്കാക്കിയിട്ടുള്ളതു്. അതിനാൽ സെക്രട്ടറിയേറ്റിനു് അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾ ആ ഡിപ്പാർട്ടുമെൻറിനുകൂടി ബാധകമാക്കുവാൻ നിവൃത്തിയില്ല.

(ബി) ഇല്ല.

(സി) ബി. യുടെ ഉത്തരം കൊണ്ടു് ഈ ചോദ്യം ഉദിക്കുന്നില്ല.

(ഡി ആൻറു് ഇ.) പരാതികൾ ലഭിച്ചിട്ടുണ്ടു്. അവ ഗവണ്മെൻറു നിയമിച്ചിട്ടുള്ള 'പേ കമ്മീഷൻറെ' പരിഗണനയ്ക്കു് വയ്ക്കുന്നതും അതിന്മേൽ യുക്തമായ തീരുമാനം എടുക്കുന്നതുമാണു്.

വഴിയുണ്ടാക്കുന്നതിനുള്ള നടപടികൾ

267. [23] ശ്രീ. എൻ. ജെ. ചാക്കോ: താഴെ കാണുന്ന ചോദ്യത്തിനു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

പത്തനംതിട്ട താലൂക്കിൽ, കോഴഞ്ചേരി ഡിസ്ട്രിക്ടിൽപ്പെട്ട കീക്കൊഴൂർ ഗവണ്മെൻറു പ്രൈമറിസ്കൂളിലേക്കു കയറി പോകാൻ ഒരു വഴി ഉണ്ടാക്കുന്നതിനു് ആവശ്യമായ നടപടി ഗവണ്മെൻറു സ്വീകരിക്കുമോ ?

ഉത്തരം.

ആലോചിക്കാം.

LIBRARY ARCHIVES Kerala Legislative Assembly